# മാനുഷിക ജ്ഞാനത്തിൽ ആശ്രയിക്കുന്നതിലുള്ള അപകടം

സാക് പുന്നൻ

WFTW 22 ഫെബ്രുവരി 2015

മനുഷ്യരിൽ വച്ച് ഏറ്റവും ജ്ഞാനിയായ ഒരുവനുപോലും മാനുഷിക ബുദ്ധിയിൽ ആശ്രയിക്കുമ്പോൾ, ദൈവത്തെ കണ്ടെത്തുന്ന കാര്യം നഷ്ടപ്പെട്ടു പോകും എന്നു കാണിക്കാനാണ് ദൈവവചനത്തിൽ സഭാപ്രസംഗിയുടെ പുസ്തകം ഉൾക്കൊള്ളിച്ചിരിക്കുന്നത്. യേശു ഒരിക്കൽ പറഞ്ഞു: "പിതാവേ, സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥാ, അവിടുന്ന് ഈ കാര്യങ്ങൾ ജ്ഞാനികൾക്കും വിവേകികൾക്കും മറച്ചു വച്ചിട്ട് അത് ശിശുക്കൾക്ക് വെളിപ്പെടുത്തിയിരിക്കുന്നതിനാൽ ഞാൻ അങ്ങയെ വാഴ്ത്തുന്നു'' (മത്താ. 1125). ജ്ഞാനികൾക്കും വിവേകികൾക്കും ഇല്ലാത്ത എന്തു കാര്യമാണ് ശിശുക്കൾക്കുള്ളത്? താഴ്മ. ജ്ഞാനിയും വിവേകിയുമായ ഒരു വ്യക്തിക്ക് താഴ്മയുള്ളവനായിരിക്കുന്നത് വളരെ പ്രയാസമുള്ള കാര്യമാണ്. ബുദ്ധിയുള്ളവനായിരിക്കുക എന്നത് തെറ്റല്ല, എന്നാൽ തങ്ങളുടെ ബുദ്ധിശക്തിയിൽ അഹങ്കരിക്കുക എന്നത് തീർച്ചയായും ദൈവികമല്ല. നിഗളികളായ മനുഷ്യർക്ക് അവരെത്ര ബുദ്ധിയുള്ളവരാണെങ്കിലും, ഒരിക്കലും ദൈവത്തിന്റെ വഴികൾ മനസ്സിലാകില്ല.

ഒരുവന് ധാരാളം അറിവുണ്ടായിരിക്കുകയും അതേസമയം തന്നെ ഒട്ടും ആത്മീയനല്ലാതിരിക്കുകയും ചെയ്യാൻ എങ്ങനെ കഴിയും എന്ന് സഭാപ്രസംഗി വ്യക്തമാക്കുന്നു. ഇന്ന് മനഃശാസ്ത്രത്തിൽ കാണുന്ന മാനുഷികജ്ഞാനത്തിൽ ധാരാളം നല്ല കാര്യങ്ങൾ ഉണ്ട്. എന്നാൽ അതു ദിവ്യജ്ഞാനമല്ല. നിങ്ങൾക്ക് മാനുഷിക ജ്ഞാനം മാത്രം ഉണ്ടായിരിക്കുന്നതിനെക്കാൾ അപകടകരമാണ് ദൈവീകജ്ഞാനം മാനുഷികജ്ഞാനവുമായി കൂട്ടി കലർത്തുന്നത്. ആരെങ്കിലും നിങ്ങൾക്ക് വിഷം തരണമെന്ന് ആഗ്രഹിക്കുന്നെങ്കിൽ, അവൻ ധാരാളം പാലും ഒരല്പം വിഷവും കൂടി കൂട്ടികലർത്തും, തീർത്തും ചീത്തയായ കാര്യങ്ങൾ കണ്ടു പിടിക്കാൻ എളുപ്പമാണ്. എന്നാൽ മനഃശാസ്ത്രത്തിന് അതിൽത്തന്നെ ധാരാളം നന്മ ഉണ്ട് അതുകൊണ്ടു തന്നെയാണ് അത് അപകടകരമാകാൻ സാധ്യതയുള്ളത്. അത് ദിവ്യജ്ഞാനമല്ല. ദിവ്യജ്ഞാനം വരുന്നത് ദൈവവചനത്തിൽ നിന്നു മാത്രമാണ്. തങ്ങളുടെ മനസ്സിനെ ദൈവവചനത്തിന് വിധേയപ്പെടുത്തി കൊടുത്തിട്ടില്ലാത്ത മനഃശാസ്ത്രജ്ഞന്മാർ പറയുന്ന ഒട്ടേറെ കാര്യങ്ങളും തെറ്റാണ്. നിങ്ങൾ അവരുടെ പിന്നാലെ പോയാൽ, നിങ്ങൾ വഴി തെറ്റിപ്പോകും. സഭാപ്രസംഗി 3ാം അദ്ധ്യായം 18ൽ നാം കാണുന്നത് ശലോമോൻ മാനുഷിക പ്രകൃതത്തിന്റെയും ലോകത്തിന്റെയും ഒരു സൂക്ഷ്മ നിരീക്ഷകൻ ആയിരുന്നു എന്നാണ്. അനേക വർഷങ്ങളിലെ നിരീക്ഷണത്തിനു ശേഷം അയാൾ കണ്ടെത്തിയത് സംഭവിക്കുന്ന എല്ലാ കാര്യങ്ങൾക്കും ഒരു പ്രത്യേക സമയവും ഒരു പ്രത്യേക കാലവും ഉണ്ട് എന്നാണ്. ഇവിടെ ശരിയായതും തെറ്റായതുമായ പ്രസ്താവനകൾ ഉണ്ട്. മനഃശാസ്ത്രം എന്നത് ശരിയുടെയും തെറ്റിന്റെയും ഒരു മിശ്രിതമാണ്. ജനിക്കാനൊരു കാലമുണ്ട്. മരിക്കാനൊരു കാലമുണ്ട്, നടാനൊരു കാലമുണ്ട് എന്നാണ് ശലോമോൻ പറയുന്നത്. അതെല്ലാം ശരിയാണ്. എന്നാൽ അദ്ദേഹം തുടർന്നു പറയുന്നത് കൊല്ലാനൊരു കാലമുണ്ട്, വെറുക്കാനൊരു കാലമുണ്ട് എന്നാണ്. ഒരു ആത്മീയന് ഒരിക്കലും കൊല്ലാനും വെറുക്കാനും ഒരു കാലവുമില്ല തന്നെയുമല്ല അവൻ വെറുക്കുന്ന ഒരു മനുഷ്യനും ഇല്ല. ഒരു ആത്മീയ മനുഷ്യൻ ദൈവത്തിൽ വസിച്ചുകൊണ്ട് എല്ലാ ആളുകളെയും എല്ലാക്കാലത്തും സ്നേഹിക്കുന്നു.

നിങ്ങളുടെ പിതാവിനോട് നിങ്ങൾ കോപിച്ചിരിക്കുകയാണെങ്കിൽ, ആ കോപം ഒഴിവാക്കുവാനുള്ള ഒരു മാർഗ്ഗം ആയി നിങ്ങളുടെ പിതാവാണെന്ന് സങ്കല്പിച്ചുകൊണ്ട് ഒരു തലയിണയെ അടിക്കുക എന്ന് പഠിപ്പിക്കുന്ന മനഃശാസ്ത്രജ്ഞന്മാരുണ്ട്! വെറുക്കാനൊരു കാലമുണ്ടെന്നു ശലോമോൻ പറഞ്ഞപ്പോൾ അയാൾ മനഃശാസ്ത്രജ്ഞന്മാർ പറയുന്ന ഇതുപോലെയുള്ള കാര്യങ്ങൾ വിശ്വസിക്കാനുള്ള സാദ്ധ്യത ഉണ്ട്. എന്നാൽ അതു ദൈവത്തിന്റെ വഴിയല്ല. യേശു പറഞ്ഞു "നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ.'' അങ്ങനെ ശലോമോന്റെ ലൌകീക ചിന്തകൾ ഈ പുസ്തകത്തിൽ കടന്നു വന്നിരിക്കുന്നതിന്റെ ഒരുദാഹരണം ഇവിടെ കാണുന്നു. ഇവിടെ നമ്മൾ വളരെ ശ്രദ്ധയുള്ളവരായിരിക്കേണ്ടിയ ആവശ്യമുണ്ട്. ദൈവത്തിന്റെ മുമ്പാകെ താഴ്

മയിലും നുറുക്കത്തിലും ജീവിക്കുന്നില്ല എങ്കിൽ, മാനുഷികജ്ഞാനത്താൽ നാം തെറ്റായി നയിക്കപ്പെടാനുള്ള സാദ്ധ്യത ഉണ്ട്. കാരണം അവയിൽ അധികം കാര്യങ്ങളും നമുക്കു ശരിയാണെന്ന് തോന്നുന്നവയാണ്.

ഒരുദാഹരണം പറയാം: ക്രിസ്തീയ ഗോളത്തിൽ ഇന്ന് 'മനസ്സിൽ കാണുക' എന്ന ഒരു പുതിയ പഠിപ്പിക്കൽ ഉയർന്നു വന്നിട്ടുണ്ട്. അതു നമ്മെ ഇനി പറയുന്നതുപോലെയുള്ള ചില കാര്യങ്ങൾ പഠിപ്പിക്കുന്നു. "നിങ്ങളുടെ കണ്ണുകൾ അടച്ച് നിങ്ങളുടെ സഭയിൽ ഇപ്പോൾ 5 പേരേ ഉള്ളെങ്കിലും അവിടെ 5000 പേരെ നിങ്ങൾക്കു ലഭിക്കാൻ പോകുന്നു എന്ന് മനസ്സിൽ കാണുക. ഇപ്പോൾ നിങ്ങൾ ചെറിയ വീട്ടിലാണ് സഭയായി കൂടി വരുന്നതെങ്കിലും നിങ്ങൾ ഒരു വലിയ കെട്ടിടത്തിൽ കൂടി വരുന്നതായി മനസ്സിൽ കാണുക. നിങ്ങൾ മുടന്തനാണെങ്കിൽ നിങ്ങൾ തന്നെ നടക്കുന്നതായി മനസ്സിൽ കാണുക. നിങ്ങൾക്ക് ഒരു സ്കൂട്ടർ മാത്രമേ സ്വന്തമായിട്ടുള്ളു എങ്കിൽ മനോഹരമായ ഒരു പുതിയ കാർ നിങ്ങൾ നിങ്ങൾക്ക് സ്വന്തമായി കിട്ടിയതായി മനസ്സിൽ കാണുക അപ്പോൾ നിങ്ങൾക്ക് ഈ കാര്യങ്ങൾ ലഭിക്കാനാവശ്യമായ വിശ്വാസം ഉണ്ടാകുകയും അവയെല്ലാം നിങ്ങൾക്കു ലഭിക്കുകയും ചെയ്യും.'' ഇങ്ങനെ മനസ്സിൽ കാണുന്നതിൽ അധികവും ഭൌതീക ആഡംബരങ്ങൾ, വലിയ സഭാ മന്ദിരങ്ങൾ മുതലായവുമായി ബന്ധപ്പെട്ടവയാണ്. "തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത് യേശുവിനെ അനുഗമിക്കുന്നത്'' മനസ്സിൽ കാണാൻ ആരെങ്കിലും പഠിപ്പിക്കുന്നതായി ഞാൻ ഒരിക്കലും കേട്ടിട്ടില്ല!! മനസ്സിൽ കാണുക എന്ന ഈ പഠിപ്പിക്കൽ ആധുനികമായ "പുതിയ യുഗ'' തത്വശാസ് ത്രത്തിൽ നിന്ന് വന്നതാണ് (ഇത് ദൈവിക സത്യത്തിന്റെ ഒരു കള്ള നാണയമാണ്). അല്ലാതെ വേദപുസ് തകത്തിൽ നിന്നുള്ളതല്ല. എന്നിട്ടും വിവേചനമില്ലാത്ത അനേകം വിശ്വാസികളും സങ്കല്പിക്കുന്നത് ഈ വിധത്തിലാണ് തങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കാൻ കഴിയുന്നത് എന്നാണ്.

വിശ്വാസം അധിഷ്ഠിതമായിരിക്കുന്നത് മനസ്സിൽ കാണുന്നതിലല്ല. റോമർ 10:17 വ്യക്തമാക്കുന്നത് "വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു'' എന്നാണ്. ദൈവം പറഞ്ഞിട്ടുള്ളതിൽ മാത്രമാണ് വിശ്വാസം അധിഷ്ഠിതമായിരിക്കുന്നത്. അബ്രഹാമിന്, സാറാ ഒരാൺകുഞ്ഞിന് ജന്മം നൽകും എന്ന് മനസ്സിൽ കാണുന്നതു വഴി, യിസഹാക്കിനെ ലഭിക്കുമായിരുന്നില്ല. അവന്റെ വിശ്വാസം, ദൈവത്തിന്റെ വ്യക്തമായ വാഗ്ദാനത്തിൽ അധിഷ്ഠിതമായിരുന്നു. നിങ്ങൾക്ക് ആവശ്യമുള്ളതെല്ലാം മനസ്സിൽ കാണാൻ തുടങ്ങിയിട്ട് ദൈവം അതു നിങ്ങൾക്ക് തരുമെന്ന് പ്രതീക്ഷിക്കാൻ നിങ്ങൾക്കു കഴിയില്ല. അതു മനഃശാസ്ത്രത്തിന്റെ പഠിപ്പിക്കലാണ്. വേദപുസ്തകത്തിന്റേതല്ല. ക്രിയാത്മകമായ ചിന്തകൾ വ്യാപാരികൾക്ക് നല്ലതായിരിക്കാം. എന്നാൽ അത് വേദപുസ്തകപരമായ വിശ്വാസമല്ല. യേശുവും അപ്പൊസ്തലന്മാരും അത്ഭുതങ്ങൾ ചെയ്തത് മനസ്സിൽ കണ്ടതു വഴിയോ, ക്രിയാത്മകമായ ചിന്തകളിലൂടെയോ അല്ല. ഈ നാളുകളിൽ ഇങ്ങനെയുള്ള വ്യാജങ്ങളാൽ വഞ്ചിക്കപ്പെടുവാൻ എളുപ്പമാണ്. അതുകൊണ്ട് സഭാപ്രസംഗിയുടെ പുസ്തകത്തിൽ, മാനുഷികജ്ഞാനത്തിൽ ആശ്രയിക്കുന്നതിലുള്ള വിപത്തിനെക്കുറിച്ച് ഈ നാളുകളിൽ നമുക്കെല്ലാവർക്കും ഒരു മുന്നറിയിപ്പുണ്ട്.